# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1060 — 11.02.16 -ലെ മറുപടിയ്ക്ക്

## സർവ്വകലാശാലാ കാമ്പസുകളിൽ നടക്കുന്ന അതിക്രമങ്ങൾ

*ചോദ്യം*

ശ്രീ. റ്റി.വി. രാജേഷ്
,, ബി.സത്യൻ
ശ്രീമതി.പി. അയിഷാ പോറ്റി
ശ്രീ.പുരുഷൻ കടലുണ്ടി

*ഉത്തരം*

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോളേജുകളിലും സർവ്വകലാശാലകളിലും മറ്റും പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് കാമ്പസുകളിൽ നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; | (എ) | അതാതു സർവ്വകലാശാലകൾ പരാതികൾ ലഭിക്കുന്ന മുറയ്ക്ക് അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ബി) | കോഴിക്കോട് സർവ്വകലാശാലാ കാമ്പസിലും ഹോസ്റ്റൽ പിരസരങ്ങളിലും പെൺകുട്ടികൾക്കു നേരെ നടക്കുന്ന അതിക്രമങ്ങൾ സംബന്ധിച്ച് സർവ്വകലാശാല അധികൃതർക്ക് നൽകിയ പരാതിയിൽ അന്വേഷണം നടത്തിയിരുന്നോ; ഏതെല്ലാം തരത്തിലുള്ള അന്വേഷണമാണ് നടത്തിയത്; കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | അന്വേഷണം നടന്നുവരുന്നു. പരാതിയിൽ സർവ്വകലാശാലയിലെ ആന്റീ റാഗിംങ് കമ്മിറ്റിയും ഇന്റേണൽ കംപ്ലയൻസ് കമ്മിറ്റിയും വിദ്യാർത്ഥി ക്ഷേമ വിഭാഗം ഡീനും ഈ വിഷയവുമായി ബന്ധപ്പെട്ട് നിയമിതമായ സിൻഡിക്കേറ്റ് ഉപസമിതിയും പോലീസും അന്വേഷണം നടത്തിവരുന്നു.<br><br>കുറ്റക്കാർക്കെതിരെ നടപടി എടുത്തിട്ടുണ്ട്. |
| (സി) | പരാതി നൽകിയ പെൺകുട്ടികൾക്കെതിരെ സർവ്വകലാശാല സെനറ്റ് യോഗം പ്രമേയം പാസാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (സി) | വിദ്യാർത്ഥിനികൾ ബഹു. ചാൻസലർക്ക് നൽകിയ പരാതി വ്യാജമാണോ എന്ന് അന്വേഷിച്ച് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെടുന്ന അടിയന്തിര പ്രമേയമാണ് വിദ്യാർത്ഥി പ്രതിനിധി അവതരിപ്പിച്ച് |

| | | | |
|---|---|---|---|
| | | | പാസാക്കിയത്. 25.01.2016 ന് ചേർന്ന സിൻഡിക്കേറ്റ് ഈ പ്രമേയത്തിൻമേൽ നടപടികൾ സ്വീകരിക്കാതിരിക്കുവാനും ഇത് അടുത്ത സെനറ്റിൽ റിപ്പോർട്ട് ചെയ്യുവാനും തീരുമാനിച്ചു. |
| (ഡി) | സർവ്വകലാശാലാ കാമ്പസിൽ വിദ്യാർത്ഥിനികൾക്കുനേരെ നടക്കുന്ന അതിക്രമങ്ങൾ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് കൈകൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ഡി) | കോഴിക്കോട്, എം.ജി., തുടങ്ങിയ ചില സർവ്വകലാശാലകളിൽ ഇത്തരത്തിലുള്ള പരാതികൽ ലഭിച്ചിട്ടുണ്ട്. അത്തരത്തിലുള്ള പരാതികളിൻമേൽ കർശനമായ അച്ചടക്കനടപടികൾ അതാതു സർവ്വകലാശാലകൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | വിദ്യാർത്ഥികൾക്കു നേരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിനും കാമ്പസിലും ഹോസ്റ്റലുകളിലും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (ഇ) | വിദ്യാർത്ഥികൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിനായി മിക്ക സർവ്വകലാശാലകളിലും ആന്റീ റാഗിംങ് കമ്മിറ്റി / ആന്റീ റാഗിംങ് സ്ക്വാഡ് / ജെന്റർ ജസ്റ്റിസ് കമ്മിറ്റി / വനിത പരാതി പരിഹാര സെൽ തുടങ്ങിയവ നിലവിലുണ്ട്. കൂടാതെ കുസാറ്റ്, ശ്രീ ശങ്കരാചാര്യ തുടങ്ങിയ സർവ്വകലാശാലകളിൽ വനിത സെക്യൂരിറ്റീ ഗാഡുകളുൾപ്പെടെ നല്ലൊരു സെക്യൂരിറ്റി സംവിധാനം കാമ്പസ്സിനകത്ത് പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ